**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1846** **08-02-2023 - ൽ മറുപടിയ്ക്ക്**

**മയ്യഴിപ്പുഴയിലെ ബോട്ട് ജെട്ടികളെ ബന്ധപ്പെടുത്തി യാത്രാബോട്ട് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി ചരിത്ര പ്രാധാന്യമുള്ള മയ്യഴിപ്പുഴയിൽ സമീപകാലത്ത് അഞ്ച് ബോട്ട്ജെട്ടികൾ നിർമ്മിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്** |
| (ബി) | എങ്കിൽ പെരിങ്ങത്തൂർ, എടച്ചേരി, ഏറാമല, കരിയാട് തുടങ്ങിയ സ്ഥലങ്ങളിലുള്ളവർക്ക് എളുപ്പത്തിൽ ജലമാർഗ്ഗം കേന്ദ്രഭരണപ്രദേശമായ മാഹിയിലെത്താനും, വിനോദ സഞ്ചാരികളെ കൂടി ആകർഷിക്കാനും കഴിയുന്ന തരത്തിൽ ഈ റൂട്ടിൽ യാത്രാബോട്ട് സൗകര്യം ഏർപ്പെടുത്തുന്നതിനായി പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ; | (ബി) | **ടൂറിസം പദ്ധതികൾക്കുള്ള യാത്രാബോട്ടിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.** |
| (സി) | പുഴയോര സൗന്ദര്യം ആസ്വദിക്കുവാനും കരിമീൻ ഉൾപ്പെടെയുള്ള പുഴമത്സ്യങ്ങളുടെ രുചി അറിയാനും സമീപ ജില്ലകളിൽ നിന്നുപോലും ആളുകളെത്തുന്ന മയ്യഴിപ്പുഴയോരത്ത് ബോട്ട് സർവ്വീസ് ലാഭകരവും, ജനോപകാരപ്രദവുമാണെന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | **പരിശോധിക്കാവുന്നതാണ്** |

സെക്ഷൻ ഓഫീസർ